(സി) കൈത്തറി തൊഴിലാളികളുടെ ക്ഷേമത്തിനായി അംശദാനമിതവ്യയ സമ്പാദ്യ പദ്ധതി നടപ്പിലാക്കുന്നുണ്ട്. വരിക്കാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ചികിത്സാചെലവുകൾ, വിവാഹത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനുമുള്ള ചെലവുകൾ, സംഘത്തിലെ ഓഹരിയെടുക്കുന്നതിനുള്ള ചെലവ്, വീട് വയ്ക്കാൻ സ്ഥലം വാങ്ങൽ, വീടുകളുടെ നിർമ്മാണം/വാങ്ങൽ/മാറ്റം/അറ്റകുറ്റപ്പണികൾ എന്നിവയ്ക്കുള്ള ചെലവ് മുതലായവ വഹിക്കുന്നതിനാണ് ഈ പദ്ധതി അനുസരിച്ച് സഹായം നൽകുന്നത്. ഇതിൽ 50% ത്തോളം വനിതാ നെയ്ത്തുകാർക്കായി ഉദ്ദേശിച്ചിരിക്കുന്നു. 20,000 നെയ്ത്തുകാരെ ഉൾപ്പെടുത്തുന്ന ഈ പദ്ധതിയിൽ കുറഞ്ഞത് കൂലിയുടെ 8% ത്തോളം നെയ്ത്തുകാരുടെ കയ്യിൽനിന്നും ഫണ്ടിലേക്ക് ഈടാക്കുകയും അതിനും ഏകദേശം തന്നെ സർക്കാർ വിഹിതമായി ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുന്നു.

ഇ -ഫയൽ സമ്പ്രദായം

177(2166) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-ഫയൽ സമ്പ്രദായം എല്ലാ വകുപ്പുകളിലും നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(ബി) ഇ-ഫയലിംഗ് പ്രായോഗികതലത്തിൽ കൊണ്ടുവന്നപ്പോൾ ഉണ്ടായ ബുദ്ധിമുട്ടുകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല. നിലവിൽ സെക്രട്ടേറിയറ്റിലെ 19 വകുപ്പുകളിൽ ഇ-ഓഫീസ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ ബാക്കിയുള്ള വകുപ്പുകളിൽ നടപ്പിലാക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ഇതു കൂടാതെ 7 കളക്ടറേറ്റുകൾ 6 സബ് കളക്ടർ ഓഫീസുകൾ 15 ഡയറക്ടറേറ്റുകൾ എന്നിവിടങ്ങളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനായി ഈ സാമ്പത്തിക വർഷം 2.75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേന്ദ്ര സർക്കാർ പിൻതുടരുന്ന ഓഫീസ് മാന്വൽ അനുസരിച്ച് എൻ.ഐ.സി. വികസിപ്പിച്ചെടുത്ത സോഫ്റ്റ് വെയർ ആയ ഇ-ഓഫീസ് സംസ്ഥാനത്ത് നടപ്പാക്കിയപ്പോൾ ചില പ്രയാസങ്ങൾ തുടക്കത്തിൽ അനുഭവപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാന്വൽ സമ്പ്രദായത്തിൽ നിന്നും ഇലക്ട്രോണിക്സ് സമ്പ്രദായത്തിലേയ്ക്ക് മാറുമ്പോഴുണ്ടാകുന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്വാഭാവിക ബുദ്ധിമുട്ടുകളാണ് ഇതിൽ കൂടുതലും. ഇ-ഓഫീസ് കൈകാര്യം ചെയ്യുമ്പോൾ ജീവനക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ഹാൻഡ് ഹോൾഡ് സ്റ്റാഫിന്റെ സേവനം നല്കുന്നുണ്ട്.

ഇ - പെയ്മെന്റ് ഗേറ്റ് വേ

178(2167) ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-പേയ്മെന്റ് ഗേറ്റ് വേ നിലവിൽ വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) സർക്കാർ സേവനങ്ങൾക്കാവശ്യമായിവരുന്ന പണമിടപാടുകൾ ഓൺലൈനായി നടത്താൻ എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിലുള്ളത്; വിശദമാക്കുമോ ;

(സി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനു സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സർക്കാരിന്റെ വിവിധ വകുപ്പുകളുടെ സേവനങ്ങൾക്ക് ഒടുക്കേണ്ടി വരുന്ന പണമിടപാടുകൾ ഓൺലൈൻ ആയി നടത്തുക എന്നതാണ് ഇ-പെയ്മെന്റ് സംവിധാനത്തിന്റെ ലക്ഷ്യം.

(ബി) അംഗീകൃത ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ചും 70-ൽ പരം ബാങ്കുകളുടെ നെറ്റ് ബാങ്കിംഗ് സൗകര്യം ഉപയോഗിച്ചും പണം ഒടുക്കുന്നതിന് ഈ സംവിധാനത്തിൽ സൗകര്യമൊരുക്കിയിട്ടുണ്ട്.

(സി) പ്രസ്തുത സംവിധാനം വിവിധ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ ഇ-ഗവേണൻസ് പദ്ധതികളുമായി സംയോജിപ്പിച്ച് ആവശ്യമായി വരുന്ന പണമിടപാടുകൾ ഓൺലൈൻ ആയി നടത്തുന്നതിന് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ സ്വന്തമായി ഓൺലൈൻ റസീപ്റ്റ് പോർട്ടലുകൾ ഉള്ള വകുപ്പുകളെ (ഉദാഹരണത്തിന് മോട്ടോർ വാഹനവകുപ്പ്, വാണിജ്യ നികുതി വകുപ്പ്) ഇ-ട്രഷറിയുമായി സംയോജിപ്പിക്കുന്നതിനും മറ്റു വകുപ്പുകൾ സ്വന്തമായി ഇലക്ട്രോണിക് റസീപ്റ്റ് പോർട്ടലുകൾ വികസിപ്പിച്ചെടുക്കുവാനും തുടർന്ന് ഇ-ട്രഷറിയുമായി ബന്ധിപ്പിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly